# Malayala Manorama
# 24 August 2018
# Idukki; Idukki in Front

മൗസിൻറാമിനെയും ചിറാപ്പുഞ്ചിയെയും പിന്നിലാക്കി

## പേമാരിയിൽ ഇടുക്കി മുന്നിൽ

ഈ കാലവർഷക്കാലത്തു പെയ്തിറങ്ങിയ മഴയയുടെ അളവിൽ ലോകറെക്കോർഡ് സ്വന്തമാക്കിയിട്ടുള്ള മേഘാലയയിലെ മൗസിൻറാമിനെയും ചിറാപ്പുഞ്ചിയെയും പിന്നിലാക്കി ഇടുക്കി മുന്നിലെത്തി. ബുധനാഴ്ച വരെ ലഭിച്ച മഴയുടെ കണക്കു പ്രകാരം ദേശീയ റാങ്കിങ്ങിൽ ഇടുക്കി ജില്ല രണ്ടാം സ്ഥാനത്തെത്തി.

ജൂൺ ഒന്നുമുതലുള്ള കാലവർഷ കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇടുക്കി പുതിയ ഉയരം സ്വന്തമാക്കിയത്. ഇക്കാലത്ത് ജില്ലയിൽ 355.1 സെ.മീ മഴ ലഭിച്ചു. ഇടുക്കിയിൽ സാധാരണ ലഭിക്കുന്ന മഴ 183.6 സെ.മീ മാത്രമാണ്. 93 ശതമാനം അധിക മഴ ഈ കാലവർഷക്കാലത്തു ലഭിച്ചു. 22 -ാം റാങ്കിൽ നിന്നാണ് ഇടുക്കി രണ്ടാം സ്ഥാനത്തേക്കു കുതിച്ചുചാട്ടം നടത്തിയത്.

കർണാടകയിലെ ഉഡുപ്പിയാണ് ഒന്നാം സ്ഥാനത്ത്. 369.4 സെ.മീ മഴ ഉഡുപ്പി ജില്ലയ്ക്കു ലഭിച്ചു. സാധാരണ ലഭിക്കേണ്ട 313.5 സെ.മീ മഴയേക്കാൾ 18 ശതമാനം അധികം ലഭിച്ചു. കർണാടകയിലെ തന്നെ ദക്ഷിണ കന്നഡ, ഉത്തര കന്നഡ, കുടക് ജില്ലകളിലും മികച്ച മഴ ലഭിച്ചു. നാലാം സ്ഥാനത്തു നിന്നാണ് ഉഡുപ്പി ഒന്നാം സ്ഥാനതെത്തിയത്.

ഇടുക്കിയെക്കൂടാതെ കേരളത്തിൽ നിന്നു കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകൾ ആദ്യ പത്തു സ്ഥാനങ്ങളിൽ ഇടം പിടിച്ചിട്ടുണ്ട്. മൗസിൻറാമും ചിറാപ്പുഞ്ചിയും ഉൾപ്പെടുന്ന മേഘാലയയിലെ ഈസ്റ്റ് ഖാസി ഹിൽസ് ജില്ലയിൽ ഇത്തവണ 30 % മഴക്കുറവാണ് അനുഭവപ്പെട്ടത്. 260 സെ.മീ മഴ മാത്രമാണ് ഇത്തവണ ഇവിടെ ലഭിച്ചത്. പതിനൊന്നാം സ്ഥാനത്തേക്ക് ഈസ്റ്റ് ഖാസി ഹിൽസ് ജില്ല പിന്തള്ളപ്പെട്ടു.




രാജ്യാന്തര വാർത്താ ഏജൻസിയായ റോയിട്ടേഴ്സിന്റെ ലണ്ടനിലെ ആസ്ഥാന മന്ദിരത്തിന്റെ ഡിസ്പ്ലേ ബോർഡിൽ 'കേരളത്തിലെ വെള്ളപ്പൊക്ക രക്ഷാപ്രവർത്തനത്തിൽ നായകരായി മൽസ്യത്തൊഴിലാളികൾ' എന്ന തലക്കെട്ട് പ്രദർശിപ്പിച്ചപ്പോൾ.